നം. വൈ.എൻ.എ.റ്റി.എൽ- 29/2012

യാത്രി നിവാസ്
വലിയകുന്ന്, ആറ്റിങ്ങൽ
തീയതി: 22/05/2018
PH. 0470-2622296
9605891749

## പുനർക്വട്ടേഷൻ / ലേല പരസ്യം

വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ആറ്റിങ്ങൽ യാത്രി നിവാസ് കോമ്പൗണ്ടിനുള്ളിൽ നിൽക്കുന്ന മരങ്ങളും മുറിച്ചിട്ടിരിക്കുന്ന മരവും പുനർലേലം /ക്വട്ടേഷൻ വഴി വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. നിരതദ്രവ്യമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 10,000/- (പതിനായിരം രൂപ മാത്രം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം മുദ്ര വച്ച ക്വട്ടേഷനുകൾ 11/06/2018 തീയതി ഉച്ചക്ക് 2 മണി വരെ ആറ്റിങ്ങൽ യാത്രിനിവാസിൽ സ്വീകരിക്കുന്നതാണ്. നിർദ്ദിഷ്ട നിരതദ്രവ്യത്തോടുകൂടിയല്ലാത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. ലേല പ്രകിയ ഇതേ ഓഫീസിൽ വച്ച് അന്നേ ദിവസം (11/06/2018) ഉച്ചക്ക് 3 മണിക്ക് പരസ്യമായി നടത്തുന്നതാണ്. പരസ്യലേലം കഴിഞ്ഞാൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ഇവയിൽ കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആൾക്ക് ലേലം / ക്വട്ടേഷൻ ബഹു.ടൂറിസം ഡയറക്ടറുടെ അനുമതിയ്ക്ക് വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതാണ്. ടി യാൾ പ്രസ്തുത തുകയുടെ 18% ജി.എസ്.ടി യും ടി തുകയുടെ 5% വനവികസന നികുതിയും ആറ്റിങ്ങൽ യാത്രിനിവാസ് ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതും അടുത്ത 2 ദിവത്തിനകം സർക്കാരിന്റെ സ്ഥാവരജംഗമ വസ്തുക്കൾക്ക് ഒരു നാശനഷ്ടവും വരുത്താതെ സ്വന്തം ചെലവിൽ മരങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും, ടി തടികൾ/മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. കാരണം കാണിക്കാതെ ലേലം റദ്ദ് ചെയ്യുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ലേലം ചെയ്യുന്ന മരങ്ങളുടെ വിവരം

1. തെങ്ങ് - 1
2. സ്പാത്തോഡിയ - 2
3. അക്കേഷ്യ - 2 (ഒരു അക്കേഷ്യ മുറിച്ച് തടിയായി സൂക്ഷിച്ചിരിക്കുകയാണ്)
4. വട്ട - 2

യാത്രി നിവാസ് ആറ്റിങ്ങൽ 695103

മാനേജർ
മാനേജർ
യാത്രി നിവാസ്
വിനോദ സഞ്ചാര വകുപ്പ്
ആറ്റിങ്ങൽ-695103

നോട്ടീസ് ബോർഡ്
പകർപ്പ്:

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം
3. ഇൻവിസ് മൾട്ടിമീഡിയ, കവടിയാർ, തിരുവനന്തപുരം (ടൂറിസം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
4. നോട്ടീസ് ബോർഡ്, ടൂറിസം ഡയറക്ടറേറ്റ്, യാത്രിനിവാസ്, ആറ്റിങ്ങൽ
5. ഓഫീസ് കോപ്പി